# തബ്‌ലീഗ് ജമാഅത്തും സലഫികളും

മായിൻകുട്ടി സുല്ലമി

വിശുദ്ധ ക്വുർആനും സ്വഹീഹായ ഹദീഥുകളുമാണ് സലഫികളുടെ പ്രമാണങ്ങൾ. എന്നാൽ തബ്‌ലീഗുകാർക്ക് അത്തരം നിർബന്ധങ്ങളില്ല. പേരിന് ക്വുർആനിലെ ആയത്തുകളും സ്വൽപമൊക്കെ ഹദീഥുകളും അവരുടെ ഫദാഇൽ കിതാബുകളിൽ കാണാം. ബാക്കി കള്ളക്കഥകളും സ്വപ്നങ്ങളും സൂഫീ-ഖോജാക്കളുടെയും മഹാൻമാരുടെയും ക്വാലകീലകളും. ഹദീഥുകൾക്ക് ദുർബലത കൂടുംതോറും അവർക്കിടയിൽ അംഗീകാരം കൂടും. നിർമിത ഹദീഥുകളാണെങ്കിൽ പെരുത്ത് സന്തോഷം. ബറേൽവികളെയും കേരളത്തിലെ വിവിധ സമസ്തക്കാരെയും ഖുറാഫാത്തിന്റെ കാര്യത്തിൽ തബ്‌ലീഗുകാർ കടത്തിവെട്ടും.

സമസ്തക്കാരെ പോലെ ഇവർ ആദം നബി(ﷺ)യെക്കുറിച്ച് പ്രചരിപ്പിക്കുന്ന ഒരു കെട്ടുകഥ നോക്കൂ. ആദം നബി(ﷺ) തെറ്റ് ചെയ്തപ്പോൾ മുഹമ്മദ് നബി(ﷺ)യുടെ ഹക്ക് കൊണ്ട്, തവസ്സുൽ ചെയ്തുവത്രെ! അവരുടെ 'ദിക്റിന്റെ മഹത്വങ്ങൾ' എന്ന ഗ്രന്ഥത്തിലും മറ്റും ഈ കഥ പറയുന്നുണ്ട്. ലോകപ്രസിദ്ധമായ മൗദ്വൂആത്തിൽ പെട്ടതാണിത്. അതിന്റെ സനദിലുള്ള പലരും വിശ്വാസയോഗ്യരല്ല. അബ്ദുറഹ്മാനുബ്നു സൈദ്ബ്നു അസ്‌ലം ബലഹീനനാണ്. കള്ള ഹദീഥ് റിപ്പോർട്ട് ചെയ്യുന്ന ആളുമാണ്. വേറെയും ദുർബ്ബലൻമാർ പരമ്പരയിലുണ്ട്. അതിനൊക്കെ പുറമെ വിശുദ്ധ ക്വുർആനിന്റെ വിവരണത്തിന് എതിരുമാണ് ഈ കെട്ടുകഥ.

വിലക്കപ്പെട്ട വൃക്ഷത്തിൽനിന്ന് പഴം ഭക്ഷിച്ച ആദം(ﷺ) തന്റെ പ്രവൃത്തിയിൽ ദുഃഖിതനായി. പശ്ചാത്തപിക്കുവാനായി അല്ലാഹുവിങ്കൽ നിന്നും ചില വചനങ്ങൾ സ്വീകരിച്ചു. (ആ വചനങ്ങൾ മുഖേന പശ്ചാത്തപിച്ചു.) ആദമിന് അല്ലാഹു പാപമോചനം നൽകി. അവൻ പശ്ചാത്താപം ഏറെ സ്വീകരിക്കുന്നവനും കരുണാനിധിയുമത്രെ. (വി. ക്വു. 2:37)

ആദം(ﷺ) ഏറ്റെടുത്ത പ്രസ്തുത വചനങ്ങൾ സൂറഃ അഅ്റാഫ് 23-ാം ആയത്തിൽ കാണാം.

"അവർ രണ്ടുപേരും പറഞ്ഞു: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ ഞങ്ങളോട് തന്നെ അക്രമം ചെയ്തിരിക്കുന്നു. നീ ഞങ്ങൾക്ക് പൊറുത്തു തരികയും കരുണ കാണിക്കുകയും ചെയ്തില്ലെങ്കിൽ തീർച്ചയായും ഞങ്ങൾ നഷ്ടം പറ്റിയവരുടെ കൂട്ടത്തിലായിരിക്കും." (വി.ക്വു. 7:23)

ഇതാണ് വസ്തുത. എന്നിട്ടും അടിസ്ഥാനരഹിതമായ കെട്ടുകഥകളിലൂടെ മുസ്‌ലിംകളെ വഴിതെറ്റിക്കാൻ ശ്രമിക്കുന്നത് ഗുരുതരമായ കുറ്റമാണ്.

ശിയാക്കൾ വാദിക്കുന്നത് മറ്റൊരു കഥയാണ്. അലി(رضي الله عنه), ഫാത്തിമ(رضي الله عنها), ഹസൻ(رضي الله عنه), ഹുസൈൻ(رضي الله عنه) എന്നിവരുടെ ഹക്ക് കൊണ്ടാണ് അദം നബി (ﷺ) പ്രാർത്ഥിച്ചിട്ടുള്ളത് എന്നാണ്. മൗലീദുകളിൽ ഇവർക്ക് പുറമെ മുഹമ്മദ് നബി(ﷺ)യെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

ദുർബലമായ ഹദീഥുകളോടുള്ള ഇവരുടെ നിലപാട് 'ദയൂബന്ത് - ഉലമാക്കളുടെ പന്ഥാവ്' എന്ന ഗ്രന്ഥത്തിൽ പറയുന്നത് നോക്കൂ.

‘ലക്ഷ്യമായി അംഗീകരിക്കത്തക്ക ബലഹീനമായ ഹദീഥുകളെയും അവർ ഉപേക്ഷിക്കുന്നില്ല.’ (പേജ് 76)

ദയൂബന്ത് ഉലമാക്കളുടെ മസ്അലക്കനുസരിച്ച് ഹദീഥിന്റെ പരമ്പര പ്രബലമായി വരൽ അംഗീകാരത്തിന്റെ അടിസ്ഥാനമല്ല. (പേജ് 78) അമലുകളുടെ മഹത്വങ്ങൾക്ക് ദഈഫായ ഹദീഥുകളും ഇവർ സ്വീകരിക്കുമെന്ന് ‘ക്വുർആനിന്റെ മഹത്വങ്ങൾ’ പേജ് 5ൽ പറയുന്നു. അങ്ങിനെ അവരുടെ ഗ്രന്ഥം ഇത്തരം ദൂർബല ഹദീഥുകൾകൊണ്ട് നിറഞ്ഞിരിക്കുന്നു. ജനങ്ങളെ നന്മക്ക് പ്രേരിപ്പിക്കാൻ വേണ്ടി കണ്ട ചപ്പും ചവറുകളുമൊക്കെ ഇവരുടെ പോരിശക്കിതാ കിതാബുകളിൽ കയറിക്കൂടി. നബി(ﷺ)യുടെ പേരിലാണ് ഇതൊക്കെ എന്നത് ഇവർ ചിന്തിക്കുന്നുണ്ടോ?

മറ്റൊരു വാചകം നോക്കൂ. ‘അവസാനമായി ഒരു കാര്യം ഉണർത്തുകയാണ്. മുഹദ്ദിസീങ്ങളായ മഹാൻമാരുടെ അടുക്കൽ ഫദാഇലുകളെ പറ്റിയുള്ള രിവായത്തിൽ ചില വിട്ടുവീഴ്ചകളുണ്ട്. സാധാരണ രീതിയിലുള്ള ളുഅ്ഫ് (ബലഹീനത) കണ്ണടക്കത്തക്കതാണ്.’’ (നമസ്കാരത്തിന്റെ മഹത്വങ്ങൾ പേജ് 142) ആദം നബിയുടെ വിഷയത്തിൽ അസാധാരണമായ ളുഅ്ഫിന്റെ നേരെയും ഇവർ കണ്ണടച്ചു. അങ്ങേയറ്റം ദുർബലമായ ഹദീഥുകൾ ഉദ്ധരിച്ചത് വിശ്വാസപരമായ കാര്യത്തിൽ പോലും അവരുടെ ഗ്രന്ഥങ്ങളിലുണ്ട്.

മദ്ഹബ്, തക്ലീദ് (അന്ധമായ അനുകരണം), തസവ്വുഫ് എന്നീ മാറാപ്പുകൾ ഒഴിവാക്കാൻ തബ്ലീഗുകാർക്ക് കഴിയില്ല. സലഫികളെ സംബന്ധിച്ചിടത്തോളം ഇതെല്ലാം ഇസ്ലാമിന് അന്യമാണ്. തബ്ലീഗുകാരുടെ അവസ്ഥ നമുക്ക് പരിശോധിക്കാം. ‘മുജ്തഹിദായ ഒരു ഇമാമിന്റെ മദ്ഹബിന്റെ പരിധിയിൽ ഒതുങ്ങി ജീവിതം നയിക്കലും അത്യന്താപേക്ഷിതമാണെന്ന് കരുതുന്നു. തദടിസ്ഥാനത്തിൽ അവരും, അവരെ അനുകരിക്കുന്ന ജമാഅത്തും ഫിക്ഹിയ്യായ രംഗത്ത് ഹനഫി മദ്ഹബിനെ അംഗീകരിക്കുന്നവരത്രെ’ (ദയൂബന്ത് - ഉലമാക്കളുടെ പന്ഥാവ് പേജ് 70). തബ്ലീഗുകാരുടെ ഈറ്റില്ലവും പോറ്റില്ലവും ഉപ്പും ചോറുമാണ് ഇന്ന് ദയൂബന്ത്. അതവർ നിഷേധിക്കുകയില്ല. ദയൂബന്തികളെ താറടിച്ച് കാണിക്കുകയല്ല. മിറച്ച്, അവരുടെ മദ്ഹബി പക്ഷപാതിത്വത്തെ സ്വാഭിമാനം തുറന്നു കാണിക്കുകയാണ് കേരള തബ്ലീഗുകാർ. അവർ എഴുതുന്നു: ‘നിസ്സംശയം അവർ മുകല്ലിദുകളാണ് (മദ്ഹബിനെ അനുകരിക്കുന്നവരാണ്). ഒരു മദ്ഹബിന്റെ പരിധിയിൽ ഒതുങ്ങി നിൽക്കുന്നവരാണ്.’ (അ.പു.പേ. 70)

മദ്ഹബും തക്ലീദും ഇന്ന് കാണുന്ന തസവ്വുഫുമൊന്നും നബി(ﷺ)യുടെയും സ്വഹാബത്തിന്റെയും താബിഉകളുടെയും കാലത്ത് ഉണ്ടായിരുന്നില്ല എന്നത് അവർക്കറിയാം. എന്നിട്ടും അവർ ഈ കൊടും ബിദ്അത്തുകളെ ന്യായീകരിക്കുന്നു. മൗലാനാ ഖാരി മുഹമ്മദ് ത്വയ്യിബ് സാഹിബ് എഴുതിയതും മുഹമ്മദ് ഇസ്ഹാഖ് മൗലവി പരിഭാഷപ്പെടുത്തിയതുമായ ദയൂബന്ത് - ഉലമാക്കളുടെ പന്ഥാവി’ൽ വീണ്ടും പറയുന്നു:

‘നമ്മുടെ ലക്ഷ്യം നമ്മുടെ മദ്ഹബ് ക്വുർആനിന്റെയും ഹദീഥിന്റെയും പിൻബലമുള്ളതാണെന്ന് സ്ഥാപിക്കാൻ മാത്രമാണ്.’ (പേജ് 72) ചെരിപ്പിന് ഒപ്പിച്ച് കാല് മുറിക്കൽ തന്നെ. ക്വുർആനിലും ഹദീഥിലും ഉള്ളതാണ് തങ്ങളുടെ മദ്ഹബ് എന്ന് എല്ലാ മദ്ഹബുകാരും വാദിക്കാറുണ്ട്. മദ്ഹബിനെതിരിൽ ആയത്തുകളും ഹദീഥുകളും കണ്ടാൽ മദ്ഹബിന് അനുകൂലമായി വ്യാഖ്യാനിക്കുവാൻ ഇവർ ആവശ്യപ്പെടാറുണ്ട്. ‘തങ്ങളുടെ മദ്ഹബിന് മുൻഗണന കൊടുക്കൽ മാത്രമാണ് ലക്ഷ്യം.’ (അ.പു.പേ. 72)

ഇമാമുകളുടെ അഭിപ്രായ വ്യത്യാസം ഒരു അനുഗ്രഹമാണെന്നും ഇവർ വാദിക്കുന്നു. 'ഇപ്രകാരം ഇമാമുകളുടെ അഭിപ്രായ വ്യത്യാസം ഇൽമിയും അമലിയുമായ മേഖലയിൽ വിശാലമായ അനുഗ്രഹംപോലെ ഭവിക്കുന്നു'. (അ.പു.പേ. 74)

പലരും സൗകര്യത്തിനനുസരിച്ച് മദ്ഹബ് മാറാറുണ്ട്. സ്ത്രീകളെ തൊട്ടാൽ വുളുഅ് മുറിയാതിരിക്കാൻ കേരളത്തിലെ ശാഫികൾ മക്കത്ത് ഹജ്ജിന് വന്നാൽ തൽക്കാലം ഹനഫി മദ്ഹബ് സ്വീകരിക്കാറുണ്ടത്രെ! നാട്ടിലേക്ക് തിരിച്ചുപോകാൻ വേണ്ടി ജിദ്ദ എയർപോർട്ടി ലെത്തിയാൽ പഴയ മദ്ഹബിലേക്കുതന്നെ കാലുമാറുന്നു. വല്ലാത്തത്തൊരു റഹ്മത്ത് (അനുഗ്രഹം) തന്നെ!!! ഒഴിവാക്കണ്ട! മുറുക്കെ പിടിച്ചോ.

തബ്ലീഗുകാർക്ക് അകീദയിലും മദ്ഹബുണ്ട്. 'വിശ്വാസ സംഹിതകളിൽ ഹദ്റത്ത് മൗലാനാ മുഹമ്മദ് കാസിം നാനോതവി(റ)യുടെ സൂക്ഷ്മ ജ്ഞാനങ്ങൾ പ്രധാനമായും പരിഗണിക്കുന്നു' (അ.പു.പേ. 81)

മൗലവികാസിം നാനൂതാവിയാണ് ദയൂബന്തിന് തുടക്കം കുറിച്ചത്. (പേജ് 12) 'ആയതിനാൽ ഏകീകൃത നയം സ്വീകരിക്കുന്നതിനായി ഫിക്ഹിയായ രംഗത്ത് ഒരു ഇമാമിനെ അനുകരിക്കൽ ആവശ്യമാണ്. ഇക്കാരണത്താൽ ദയുബന്തി ഉലമാക്കൾ മുതകല്ലിമീങ്ങളിൽ പെട്ട എല്ലാ ഇമാമുകളെയും ആദരിക്കുന്നതോടൊപ്പം ഇമാം അബൂ മൻസൂർ മാതൂരീദി(റ)യെ അനുകരി ക്കുന്നു' (അ.പു.പേ. 81) കർമ്മശാസ്ത്ര രംഗത്ത് ഹനഫി മദ്ഹബും വിശ്വാസ (അഖീദ) രംഗത്ത് മാതുരീദി മദ്ഹബും വിട്ടുവീഴ്ചയില്ലാതെ പിൻതുടർന്നവരാണ് തങ്ങളെന്ന് തബ്ലീഗുകാർ ഇതാ തുറന്ന് പറഞ്ഞിരിക്കുന്നു. സലഫികളുമായി തബ്ലീഗുകാർ വഴിപിരിയുന്ന ഒരു വിഷയം കൂടിയാണിത്.

തബ്ലീഗുകാർക്ക് സൂഫികളും ത്വരീകത്തുകളുമുണ്ട്. അതും ഒഴിവാക്കാൻ അവർക്ക് വയ്യ. എല്ലാറ്റിലേക്കുമായി അവർ അവരെ സ്വയം പിടിച്ചുകെട്ടുന്നത് കൗതുകംതന്നെ. 'ദീനിൽ മുസ്ലിംകളും ജമാഅത്തും മദ്ഹബിൽ ഹനഫിയും മശ്റബിൽ സൂഫിയും കലാമിൽ മാതുരീദിയും സുലൂകിൽ ചിഷ്തിയും (എല്ലാ സിൽസിലകളുമായി ബന്ധമുണ്ട്.) ഫിക്റിൽ വലിയ്യുല്ലാഹിയും ഉസൂലിൽ ക്വാസിമിയും ഫുറൂഇൽ റഷീദിയും നിസ്ബത്തിൽ ദയൂബന്തിയും ആകുന്നു' (അ.പു.പേ.104)

പത്തു വിഭാഗങ്ങളിലായി അവർക്ക് ഒരേ സമയം ബന്ധമുണ്ടെന്ന് പറയുന്നു!? കണ്ടം വെച്ച കോട്ട്! ഇവയിൽ സ്വഹാബത്തിനുണ്ടായിരുന്ന ബന്ധങ്ങൾ ഏതെല്ലാം? ഇസ്ലാമിൽ അദ്വൈതവാദവും അവതാരവാദവും മറ്റു കൊടിയ കുഫ്റുകളും കടത്തിക്കൂട്ടാൻ ശ്രമിച്ച സൂഫികളായ ഇബ്നു അറബിയും ബിസ്താമിയും ദിന്നൂനിൽ മിസ്രിയും ഹല്ലാജുമൊക്കെ കാര്യപ്പെട്ട ഖോജാക്കളാണ് ഇവർക്ക്!? അപ്പോൾ പിന്നെ വിശുദ്ധ ക്വുർആനിലും തിരുചര്യയിലും ഉറച്ചുനിൽക്കാൻ കഴിയില്ല. സൂഫികളെയും ത്വരീകത്തുകാരെയും തൃപ്തിപ്പെടുത്തണമല്ലോ. അതുവഴി അവരുടെ കശ്ഫും സ്വപ്നങ്ങളും മതവിധിയാക്കി മാറ്റാം. സാധാരണ തബ്ലീഗുകാർ ഇതിനെക്കുറിച്ചെല്ലാം ചിന്തിക്കുന്നുണ്ടോ? ഫദാഇൽ കിതാബുകൾ നിറയെ സൂഫിക്കഥകളാണ് കുത്തിനിറച്ചിരിക്കുന്നത്. എന്താണ് ഇതിന്റെ ലക്ഷ്യം? അവ പ്രമാണങ്ങളാണോ? ദുർബല ഹദീഥുകൾകൊണ്ട് സാധിക്കാത്തത് സൂഫീ സ്വപ്നങ്ങൾ കൊണ്ട് സാധിക്കണം. അത്രതന്നെ. സലഫികൾക്ക് ഈ പ്രവണത അംഗീകരിക്കാൻ കഴിയില്ല. അതുകൊണ്ട് തബ്ലീഗുകാരുമായി പ്രമാണങ്ങളിലും വിശ്വാസത്തിലും കർമ്മങ്ങളിലും സലഫികൾക്ക് വിയോജിക്കേണ്ടിവരുന്നു.